## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1848** **04-02-2026 - ൽ മറുപടിയ്ക്ക്**

**ഗതാഗത വകുപ്പ് മുഖേന പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഗതാഗത വകുപ്പ് (കെ. എസ്. ആർ. ടി. സി. ഉൾപ്പെടെ) മുഖേന പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കുമോ; | (എ) | **2023 കാലയളവിൽ പുരവിമല ട്രൈബൽ സ്കൂൾ ബസ് സർവീസ് വെള്ളറട ഡിപ്പോയിൽ നിന്നും ആരംഭിച്ചു. 2025 ൽ ബൈറൂട്ട് സർവീസിനായി മിനി ബസ് അനുവദിച്ചു. 2025ൽ വെള്ളറട-കമ്പം, വെള്ളറട-പാല എന്നീ സർവീസുകൾ ആരഭംഭിച്ചു.**<br><br>**പാറശ്ശാല ഡിപ്പോ**<br><br>**2022 കാലയളവിൽ കൊല്ലയിൽ, കുന്നത്തുകാൽ എന്നീ സ്ഥലങ്ങളിൽ ഗ്രാമവണ്ടി സർവിസുകൾ ആരംഭിച്ചു.കൂടാതെ പാറശ്ശാല-കളിയിക്കാവിള-മൈലച്ചൽ- കാട്ടാക്കട-ബേക്കറി-സെക്രട്ടറിയേറ്റ്-തിരുവനന്തപുരം, പാറശ്ശാല --കളിയിക്കാവിള-കഴക്കൂട്ടം-വെഞ്ഞാറമൂട്-കാരോട് (ബൈപ്പാസ് വഴി 2 സർവീസുകൾ), പാറശ്ശാല-കാരോട്-ബൈപ്പാസ് വഴി തിരുവനന്തപുരം, പാറശ്ശാല- കളിയിക്കാവിള മലയോര ഹൈവേ വഴി തൃശ്ശൂർ (സൂപ്പർ ഫാസ്റ്റ്) , പാറശ്ശാല-കളിയിക്കാവിള മലയോര ഹൈവേ വഴി ഈരാറ്റുപേട്ട (സൂപ്പർഫാസ്റ്റ്) എന്നീ സർവിസുകൾ ആരംഭിച്ചിട്ടുണ്ട്.**<br><br>• **പാറശ്ശാല ഡിപ്പോയുടെ പരിധിയിൽ വരുന്ന ഇടിച്ചക്കപ്ലാമൂട് എന്ന സ്ഥലത്ത് RDTC തുടങ്ങുന്നതിനായി PWD മുഖേന സ്കെച്ച് , എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി MoRTH ലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്**<br><br>**തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വെള്ളറട ഡിപ്പോയിൽ ചുവടെ ചേർ ത്തിരിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കി യിട്ടുണ്ട്. പ്രധാന ആർച്ച്, അമിനിറ്റി സെന്റർ, ഡിപ്പോയിൽ ഹൈമാസ്റ്റ് ലൈറ്റ്, ഇ-ഓഫീസ് കമ്പ്യൂട്ടർ വൽക്കരണം** |

| | | | |
|---|---|---|---|
| | | | **കെ.എസ്.ആർ.ടി.സി യുടെ നൂതന സംരംഭമായ ഡ്രൈവിംഗ് സ്കൂൾ പാറശ്ശാല ഡിപ്പോയിൽ ആരംഭിക്കുകയും മികച്ചരീതിയിൽ പ്രവർത്തനം നടന്നു വരികയുമാണ്** |
| (ബി) | ഇക്കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ ഗതാഗത വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചിട്ടും നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും (ബസ് സ്റ്റേഷൻ നവീകരണം, പുതിയ ഡിപ്പോകൾ, ഗതാഗത പരിഷ്കാരങ്ങൾ തുടങ്ങിയവ) ഏതെല്ലാമാണ്; ഇവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | **പാറശ്ശാല ഡിപ്പോയുടെ പരിധിയിൽ വരുന്ന ഇടിച്ചക്കപ്ലാമൂട് എന്ന സ്ഥലത്ത് RDTC തുടങ്ങുന്നതിനായി PWD മുഖേന സ്കെച്ച് , എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി MoRTH ലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.** |
| (സി) | പ്രസ്തുത പദ്ധതികൾ ഓരോന്നിനും നീക്കിവച്ചിട്ടുള്ള തുക എത്ര വീതമാണ്; വൈകുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (സി) | പാറശ്ശാല ഡിപ്പോയുടെ പരിധിയിൽ വരുന്ന ഇടിച്ചക്കപ്ലാമൂട് എന്ന സ്ഥലത്ത് RDTC തുടങ്ങുന്നതിനായി PWD മുഖേന ചെയ്യുന്നതിലേക്കായി 5.5 കോടി രൂപയുടെ സ്കെച്ച് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി MoRTH ലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചവരുന്നു. |
| (ഡി) | പാറശ്ശാല മണ്ഡലത്തിലെ വെള്ളറട കെ. എസ്. ആർ. ടി. സി. ഗ്യാരേജിന്റെ ആധുനികവൽക്കരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | വെള്ളറട ഡിപ്പോയിൽ പ്രധാന ആർച്ച്, അമിനിറ്റിസെന്റർ, ഹൈമാസ്റ്റ് ലൈറ്റ് എന്നിവയുടെ നിർമ്മാണം, ഇ-ഓഫീസ് കമ്പ്യൂട്ടർവൽക്കരണം എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>പാറശ്ശാല മണ്ഡലത്തിലെ വെള്ളറട കെ. എസ്. ആർ. ടി. സി. ഗ്യാരേജിൽ ബസ്സുകളുടെ മെയിന്റനൻസ് നടത്തുന്നതിന് ആവശ്യമായ ടൂൾസ് & എക്യുപ്മെന്റ്സ് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ